## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 754** — **29.10.2019-ൽ മറുപടിക്ക്**

### നമ്പികുളം ഇക്കോ ടൂറിസം പദ്ധതി

| ചോദ്യം<br>ശ്രീ. പുരുഷൻ കടലുണ്ടി: | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|
| എ) ബാലുശ്ശേരി മണ്ഡലത്തിലെ നമ്പികുളം ഇക്കോടൂറിസം പദ്ധതിയുടെ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ; | എ) പദ്ധതിയുടെ വാഹന പാർക്കിങ് പ്രദേശത്തിന്റെ നിർമാണം പുരോഗതിയിലാണ്. എന്നാൽ കനത്ത മഴ മൂലം പദ്ധതി പ്രദേശത്തേക്കുള്ള ചെറിയ വഴിയിലൂടെ നിർമാണ സാമഗ്രികൾ എത്തിക്കാൻ പ്രയാസം നേരിടുന്നത് നിർമ്മാണ പ്രവൃത്തികളെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. |
| ബി) ഈ പ്രവൃത്തിയുടെ കരാർ കാലാവധി അവസാനിക്കുന്നത് എപ്പോഴാണ്; പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കാമോ; | ബി) നിർമാണ പ്രവൃത്തിയുടെ കരാർ കാലാവധി കഴിഞ്ഞ മേയിൽ അവസാനിച്ചിരുന്നു. കാലാവധി നീട്ടി നൽകണമെന്ന, നിർവഹണ ഏജൻസിയായ കെ. ഇ. എല്ലിന്റെ അപേക്ഷ പരിഗണനയിലാണ്. |
| സി) പ്രസ്തുത പദ്ധതി പ്രദേശത്തേക്കുള്ള റോഡ് നവീകരിക്കുന്നതിനായി ടൂറിസം വകുപ്പ് എന്തെങ്കിലും പദ്ധതികൾ സമർപ്പിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ? | സി) പ്രസ്തുത പ്രദേശത്തേക്കുള്ള റോഡ് നവീകരിക്കാനുള്ള നിർദേശം നിലവിൽ ടൂറിസം വകുപ്പിന്റെ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ